ചാലക്കുടി വെറ്റിനറി ആശുപത്രിയെ പോളിക്ലിനിക്കായി ഉയർത്തുന്നതിന് നടപടി

185 (1601) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി വെറ്റിനറി ആശുപത്രിക്ക് ആവശ്യമായ ഡോക്ടർമാരെയും സ്റ്റാഫുകളെയും നിയമിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്ത് പോളിക്ലിനിക്കായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുന്ന ശിപാർശ ആയതിനാൽ ചാലക്കുടി വെറ്റിനറി ആശുപത്രി പോളിക്ലിനിക്കായി ഉയർത്തണമെന്ന ശിപാർശ ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

പക്ഷിപ്പനി ബാധിച്ച് ചത്ത താറാവുകൾക്ക് നഷ്ടപരിഹാരം

186 (1602) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി ബാധിച്ച് എത്ര താറാവുകൾ മരണപ്പെട്ടെന്നും മാസ് കള്ളിംഗ് നടത്തി എത്ര താറാവുകളെയും വളർത്തു പക്ഷികളെയും കൊന്നൊടുക്കിയെന്നും മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) എത്ര കർഷകർക്ക് എത്ര തുക വീതം നഷ്ടപരിഹാരമായി നൽകി ; മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(സി) മാസ് കള്ളിംഗ് നടത്തുന്നതിനുമുമ്പ് പക്ഷിപ്പനി ബാധിച്ച് മരണപ്പെട്ട താറാവുകൾക്ക് നഷ്ടപരിഹാരം ലഭിച്ചില്ലെന്ന പരാതി കർഷകരിൽ നിന്നും ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി ബാധിച്ച് 19701 പക്ഷികൾ മരണപ്പെടുകയും മാസ് കള്ളിംഗ് നടത്തി 251262 പക്ഷികളെ കൊന്നൊടുക്കുകയും ചെയ്തിട്ടുണ്ട്.

നമ്പർ	മണ്ഡലം	കൾ ചെയ്യപ്പെട്ട പക്ഷികൾ	മരണപ്പെട്ട പക്ഷികൾ
1.	അമ്പലപ്പുഴ	37817	4842
2.	ഹരിപ്പാട്	28895	4495
3.	കുട്ടനാട്	77495	4997
4.	ചെങ്ങന്നൂർ	88503	3508
5.	ആലപ്പുഴ	18552	1810
6.	ചേർത്തല	...	49
	ആകെ	251262	19701

(ബി) കർഷകർക്കായി ആകെ 3,64,43,150 രൂപ ആലപ്പുഴ ജില്ലയിൽ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. മണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് താഴെ കൊടുക്കുന്നു :

നമ്പർ	മണ്ഡലം	നഷ്ടപരിഹാരം
1.	അമ്പലപ്പുഴ	58,91,605
2.	ഹരിപ്പാട്	33,29,600
3.	കുട്ടനാട്	1,91,52,710
4.	ചെങ്ങന്നൂർ	80,63,935
5.	ആലപ്പുഴ	5,300
	ആകെ	3,64,43,150

(സി) മാസ് കള്ളിംഗ് നടത്തുന്നതിനുമുമ്പ് പക്ഷിപ്പനി ബാധിച്ച് മരണപ്പെട്ട താറാവുകളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം അനുവദിച്ച് നൽകിയിട്ടുണ്ട്. നഷ്ടപരിഹാരം ലഭിച്ചില്ലെന്ന പരാതി കർഷകരിൽനിന്നും ലഭിച്ചിട്ടില്ല